## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2470** — **05/02/2018-ൽ മറുപടിയ്ക്ക്**

## നഷ്ടത്തിലായ ജില്ലാ സഹകരണ ബാങ്കുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ. എ. കെ. ശശീന്ദ്രൻ**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ**<br>**ശ്രീ. കെ.ബി.ഗണേഷ് കുമാർ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് നഷ്ടത്തിലായ ജില്ലാ സഹകരണ ബാങ്കുകൾ എത്രയാണ്; ഈ ബാങ്കുകളുടെ നിലവിലുള്ള നിഷ്ക്രിയ ആസ്തി എത്രയാണ്; | (എ) | സംസ്ഥാനത്ത് നഷ്ടത്തിലായത് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് മാത്രമാണ്. 31.12.2017 ലെ ബാങ്ക് കണക്ക് പ്രകാരം ഈ ബാങ്കിന്റെ നിലവിലുള്ള നിഷ്ക്രിയ ആസ്തി 1204.79 കോടി രൂപയാണ്. |
| (ബി) | പ്രസ്തുത ബാങ്കുകളെ ലാഭത്തിലാക്കാൻ എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) | ബാങ്കിന്റെ നിഷ്ക്രിയാസ്തി കുറയ്ക്കാനായി ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും, കർമ്മ പദ്ധതികൾ തയ്യാറാക്കി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. 31.03.2018 ന് ബാങ്കിന്റെ നിഷ്ക്രിയാസ്തി 10% ന് താഴെയാക്കി നിഷ്ക്രിയാസ്തിയുടെ കരുതൽ കുറച്ച് ലാഭം വർദ്ധിപ്പിക്കുന്നതിനും, കൂടുതൽ വായ്പകൾ നൽകി CD റേഷ്യോ വർദ്ധിപ്പിച്ച് പലിശ വരുമാനം വർദ്ധിപ്പിക്കുന്നതിനും, ഇൻവെസ്റ്റ്മെന്റ് ലാഭകരമായി കൈകാര്യം ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് ബാങ്ക് പദ്ധതി തയ്യാറാക്കി പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ